# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3615 10/04/2013-ൽ മറുപടിയ്ക്ക്

## വീടുകളിലെ പച്ചക്കറി കൃഷി

ചോദ്യം
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

മറുപടി
**കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) വീടുകളിൽ ആവശ്യമായ പച്ചക്കറികൾ വീടുകളിൽത്തന്നെ കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

എ) വിശദമാക്കാം. 2012-13 ലെ പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം കൃഷി വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിയിട്ടുണ്ട്.

1. വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനായി സംസ്ഥാനത്തെ സ്കൂളുകളിലെ വിദ്യാർത്ഥികൾ മുഖേന പച്ചക്കറി വിത്തുകളുടെ പാക്കറ്റുകൾ സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്.

2. കൂടാതെ മട്ടുപ്പാവിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൊല്ലം, തൃശ്ശൂർ നഗര സഭകളിൽ പച്ചക്കറി വികസന പദ്ധതിയിലെ അർബൻ ക്ലസ്റ്റർ എന്ന വിഭാഗത്തിൽപ്പെടുത്തി 13250 വീടുകൾക്ക് വീതം ( ആകെ രണ്ടു നഗരസഭകളിലായി 26500 എണ്ണം) 2000 രൂപ വിലമതിക്കുന്ന ഗ്രോബാഗ് യൂണിറ്റുകൾ 75% സബ്സിഡി നിരക്കിൽ നൽകി വരുന്നു. കൂടാതെ സംസ്ഥാനത്ത് ഒട്ടാകെയുള്ള 60 മുനിസിപ്പാലിറ്റികളിലായി 80000 ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്തു വരുന്നു. ഓരോ മുനിസിപ്പാലിറ്റിയും 1330 ഗ്രോബാഗുകൾ റസിഡന്റ്സ് അസോസിയേഷൻ മുഖേന വിതരണം ചെയ്യുന്നു.

വീടുകളിൽ ആവശ്യമായ പച്ചക്കറികൾ വീടുകളിൽത്തന്നെ കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുവാൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധനസഹായത്തോടു കൂടി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**1. മട്ടുപ്പാവിൽ പച്ചക്കറി കൃഷി**

ഈ പദ്ധതിയിൽ 75 ശതമാനംസബ്സിഡി നിരക്കിൽ ഗ്രോ ബാഗുകൾ വിതരണം ചെയ്യുന്നു. ഒരു വീട്ടിലേയ്ക്ക് 25 ഗ്രോ ബാഗുകൾ അടങ്ങുന്ന ഒരു യൂണിറ്റ് വീതം നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

**2. വീട്ടുവളപ്പിലെ അടുക്കളത്തോട്ടം**

ഈ പദ്ധതിയിൽ ഗുണഭോക്താവിന് വിത്ത്, വളം, ജൈവകീടനാശിനികൾ എന്നിവയുടെ വിലയായി 240 രൂപയുടെ 75 ശതമാനം ധനസഹായമായ 180 രൂപയും 1000 രൂപ വില വരുന്ന പണി ആയുധങ്ങളുടെ 50 ശതമാനം സബ്സിഡി തുകയായ 500 രൂപ ധനസഹായവും നൽകിയിട്ടുണ്ട്.

**വീടുകളിൽ ആവശ്യമായ പച്ചക്കറികൾ വീടുകളിൽത്തന്നെ കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിത നഗരി, ഗ്രോബാഗുകളിലെ കൃഷി എന്നീ പദ്ധതികൾ വി.എഫ്.പി.സി.കെ മുഖാന്തിരം നടപ്പിലാക്കി വരുന്നു.**

ബി) ഇത്തരത്തിൽ കൃഷി നടത്തുന്നതിന് എന്തെങ്കിലും സാമ്പത്തിക സഹായമോ സബ്സിഡിയോ നല്കുന്നുണ്ടോ;

ബി) 1. സ്കൂൾ കുട്ടികൾ മുഖേന വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് പച്ചക്കറി വിത്ത് പാക്കറ്റുകൾ സൗജന്യമായാണ് നൽകിയിട്ടുള്ളത്. മറ്റു സഹായങ്ങൾ നൽകിയിട്ടില്ല.

2. ഗ്രോബാഗ് യൂണിറ്റുകളുടെ പദ്ധതിയിൽ 2000 രൂപ വില മതിക്കുന്ന ഗ്രോബാഗ് യൂണിറ്റുകൾക്ക് 75% അതായത് 1500 രൂപ സബ്സിഡിയായി

നൽകുന്ന കർഷകർ 500 രൂപ ഗുണഭോക്തൃ വിഹിതമായി അടയ്ക്കുന്നു.

എസ്.എച്ച്.എം നടപ്പാക്കുന്ന വീട്ടുവളപ്പിലെ അടുക്കളത്തോട്ടം എന്ന പദ്ധതിയിൽ ഗുണഭോക്താവിന് വിത്ത്, വളം, ജൈവകീടനാശിനികൾ എന്നിവയുടെ വിലയായി 240 രൂപയുടെ 75 ശതമാനം ധനസഹായമായ 180 രൂപയും 1000 രൂപ വില വരുന്ന പണി ആയുധങ്ങളുടെ 50 ശതമാനം സബ്സിഡി തുകയായ 500 രൂപ ധനസഹായവും നൽകാൻ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു.

വി.എഫ്.പി.സി.കെ യുടെ ഗ്രോബാഗ് പദ്ധതിയനുസരിച്ച് പോട്ടിങ് മിശ്രിതം നിറച്ച ഗ്രോബാഗുകളിൽ പച്ചക്കറി തൈകൾ നട്ട് ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. 25 ഗ്രോബാഗുകൾ അടങ്ങുന്ന 2000 രൂപയ്ക്കുള്ള ഒരു യൂണിറ്റ് 1500 രൂപ സബ്സിഡിയോടുകൂടിയാണ് ഗുണഭോക്താക്കൾക്ക് എത്തിക്കുന്നത്. ആലുവ, തൃപ്പൂണിത്തുറ, കളമശ്ശേരി, മരട്, ഏലൂർ എന്നീ 5 മുനിസിപ്പാലിറ്റികളിലാണ് കൗൺസിൽ കൃഷിവകുപ്പിന് വേണ്ടി ഗ്രോബാഗുകൾ തയ്യാറാക്കി നല്കുന്നത്.

കൂടാതെ നഗരപ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായും വീടുകളിലെ ജൈവമാലിന്യങ്ങൾ വീടുകളിൽ തന്നെ സംസ്ക്കരിച്ച് ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി ഹരിതനഗരി എന്ന പദ്ധതി വി.എഫ്.പി.സി.കെ നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി പ്രകാരം 20 ഗ്രോബാഗുകൾ അടങ്ങുന്ന 1600 രൂപയ്ക്കുള്ള ഒരു യൂണിറ്റ് 800 രൂപ സബ്സിഡിയോടുകൂടിയാണ്

ഗുണഭോക്താക്കൾക്ക് എത്തിക്കുന്നത്.

| | |
|---|---|
| സി) മട്ടുപ്പാവിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | സി) കൊല്ലം, തൃശ്ശൂർ നഗരസഭകളിൽ 2012-13 ലെ പച്ചക്കറി വികസന പദ്ധതിയിലെ അർബൻ ക്ലസ്റ്റർ എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 13250 വീടുകൾക്ക് വീതം ( ആകെ 26500 യൂണിറ്റ്) 2000 രൂപ വില മതിക്കുന്ന ഗ്രോ ബാഗ് യൂണിറ്റുകൾ 75% സബ്സിഡി നിരക്കിൽ നൽകുന്നു. ഒരു യൂണിറ്റിൽ 25 ഗ്രോ ബാഗ് ഉണ്ടായിരിക്കും. ഗ്രോ ബാഗുകളിൽ പോട്ടിംഗ് മിശ്രിതം നിറച്ച് പച്ചക്കറി തൈകൾ നട്ട് നൽകുന്നു. കൂടാതെ സംസ്ഥാനത്ത് ഒട്ടാകെയുള്ള 60 മുൻസിപ്പാലിറ്റികളിലായി 80000 ഗ്രോ ബാഗ് യൂണിറ്റുകൾ വിതരണം ചെയ്യുന്നു. ഓരോ മുനിസിപ്പാലിറ്റിയും 1330 ഗ്രോ ബാഗ് യൂണിറ്റുകളാണ് റസിഡൻഷ്യൽ അസോസിയേഷനുകൾ വഴി വിതരണം ചെയ്യുന്നത്. ഹോർട്ടികൾച്ചർ മിഷൻ, വി.എഫ്.പി.സി.കെ, സംസ്ഥാനത്ത് വിത്തു വിതരണ അതോറിറ്റി, കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല എന്നിവയുടെ നേതൃത്വത്തിലാണ് തൈകൾ വിതരണം ചെയ്യുന്നത്. റസിഡൻഷ്യൻ അസോസിയേഷനുകൾ, ക്ലബ്ബുകൾ എന്നിവ മുഖേന കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെയാണ് ടി പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നത്. അതിനു വേണ്ടതായ ബോധവൽക്കരണ / പരിശീലന പരിപാടികളും നൽകിയിട്ടുണ്ട്.<br><br>എസ്.എച്ച്.എം നടപ്പ് സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം നഗരങ്ങളിൽ പ്രൊമോഷൻ ഓഫ് വെജിറ്റബിൾകൾട്ടിവേഷൻ 2012 13 |

എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മട്ടുപ്പാവ് പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു. വീടൊന്നിന് 2000 രൂപ വിലവരുന്ന 25 ഗ്രോ ബാഗുകൾ അടങ്ങിയ യൂണിറ്റിന് 1500 രൂപ സബ്സിഡിയും 500 രൂപ ഗുണഭോക്തൃ വിഹിതമായും നൽകി കൊണ്ട് നഗരത്തിലെ വീടുകളിൽ പച്ചക്കറി കൃഷി നടപ്പിലാക്കുവാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 413.625 ലക്ഷം രൂപ ചെലവ് വരുന്ന ഈ ഘടകത്തിൽ 27575 വീടുകളിൽ മട്ടുപ്പാവ് പച്ചക്കറി കൃഷി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. വ്യക്തികളിൽ നിന്നും റസിഡൻസ് അസോസിയേഷനുകൾ മുഖേനയും നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ ഗുണ ഭോക്താക്കൾക്ക് ജൈവ രീതിയിൽ പച്ചക്കറി കൃഷി പരിശീലനം നൽകുവാനും പദ്ധതി വിഭാവനം ചെയ്യുന്നു.

14 ജില്ലകളിലും കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് ഹരിതനഗരി പദ്ധതി വ്യാപിപ്പിക്കുവാൻ വി.എഫ്.പി.സി.കെ ഉദ്ദേശിക്കുന്നു.

Snehamol

**സെക്ഷൻ ഓഫീസർ**